

# വിശ്വരൂപം - ലളിതാംബിക അന്തർജനം (കഥ)

**mukulam malayalam A plus capsule by: Suresh Areekode**

**1 Score, 2 Score sure plus questions and answers**

1. "അൻപുതരുമന്യരൊടു ബന്ധമാ,ബന്ധങ്ങൾ
_നൺപെന്ന മഹിതസൗഭാഗ്യം " -(തിരുക്കുറൽ) - അടിവരയിട്ട പദത്തിന്റെ അർത്ഥം എന്ത് ?

- സൗഹൃദം

2. തുളസിത്തറ - എന്നതിന്റെ വിഗ്രഹാർത്ഥമേത്?

- തുളസിയുടെ തറ

3. സ്ഥലകാലങ്ങളോട് പൊരുത്തപ്പെടാത്ത ഈ അതിഥി ആരാണ് ? ഈ ചോദ്യത്തിലെ ധ്വനി എന്ത്?.

- പാശ്ചാത്യനാട്ടുകളിലേതിന് സമാനമായ സുധീറിന്റെ വേഷം കണ്ടിട്ട്.

4. രൂപം കൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരം കൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു. - അടിവരയിട്ട ഭാഗം സൂചിപ്പിക്കുന്നത് എന്ത് ?

- സുധീർ , മിസ്സിസ്സ് തലത്തിനെ ശബ്ദം കൊണ്ട് തിരിച്ചറിഞ്ഞത്.

5. തങ്ങൾക്കു രണ്ടു പേർക്കും പ്രിയപ്പെട്ടതായിരുന്നതും തങ്ങളെ കൂട്ടിയിണക്കിയിരുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി " . - ആരുമായി ബന്ധപ്പെട്ട ഓർമകളാണ് വരികളിലെ സൂചന.?

- മിസ്റ്റർ തലത്തുമായി ബന്ധപ്പെട്ടത്.

6. "ഞാൻ മുൻകൂട്ടി വരേണ്ടതായിരുന്നു മാഡം " - സുധീറിന്റെ ഈ വാക്കുകളിലെ ഭാവം എന്ത് ?

- കുറ്റബോധം

7. 'സഹതാപം' - എന്ന പദത്തിന്റെ വിഗ്രഹാർത്ഥരൂപമേത്?

- താപത്തോടു കൂടി

8. "അതെ കുഞ്ഞേ! നിനക്ക് പുതിയ ജോലികൾ കിട്ടി. പുതിയ യജമാനന്മാരേയും. നീ തന്നെ യജമാനനായിരിക്കുന്നു. പക്ഷേ എനിക്കോ?.... എനിക്ക് " - ഈ വരികളിലെ മിസ്സിസ്സ് തലത്തിന്റെ മാനസികാവസ്ഥ ?

- നിസ്സഹായത

9 ."എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ എന്നെ കൊണ്ടു പോയില്ല". അടിവരയിട്ട പദത്തിന്റെ അർത്ഥ സൂചനയെന്ത് ?

- മിസ്റ്റർ തലത്തിന്റെ മരണം

10. ഇവിടെ വന്നിട്ട് പോലും സംശയം തീർന്നില്ല .
മാഡം ഇങ്ങനെയൊരു സ്ഥലത്ത് .... ഇത് പോലെ .... " - സൂചനയെന്ത് ?
- മിസ്സിസ്സ് തലത്തിന്റെ ജീവിതത്തിൽ വന്ന പരിണാമം(മാററം).

11. പണ്ട് ലണ്ടനിലും ന്യൂയോർക്കിലും വച്ച് കണ്ട മാഡം തലത്തിനെപ്പറ്റി അയാൾ ഓർത്തുപോയി.അടിവരയിട്ട ഭാഗത്തിന്റെ വ്യാകരണപരമായ സവിശേഷതയേത് ?
- അനുപ്രയോഗം.

12. "മിസ്സിസ് തലത്ത് ഒരു യജമാനത്തിയുടെ അകൽച്ച പാലിച്ചു കൊണ്ട് മന്ദഹസിച്ചു കൈനീട്ടി.പക്ഷേ ആ പാണികൾ ഗ്രഹിച്ചപ്പോൾ ഇന്നത്തെ പോലുള്ള ചൂട് ഇല്ലായിരുന്നുവെന്നു അയാളോർത്തു". അടിവരയിട്ട ഭാഗം നൽകുന്ന ധ്വനിയെന്ത് ?
- യാന്ത്രികമായ ജീവിതബന്ധങ്ങൾ

13. പ്രൗഢവനിത – വിഗ്രഹാർത്ഥം ഏത് ?
- പ്രൗഢയായ വനിത.

14. മാഡം എത്രയോ തവണ എനിക്കു കാപ്പി തന്നിട്ടുണ്ട്.എന്നാൽ ഇത്രയും രുചി തോന്നിയിട്ടില്ല. വയററിയാതെ കഴിച്ചു പോവുന്നു - സൂചനയെന്ത് ?
- ഊഷ്മളമായ സ്നേഹബന്ധം.

15. മിസ്സിസ് തലത്ത് ഓർമകളുടെ ഓളക്കുത്തിലേക്ക് വഴുതി വീഴുകയായിരുന്നു. -അടിവരയിട്ട ഭാഗം സൂചിപ്പിക്കുന്നതെന്ത് ?
- ഓർമകളിൽ മുഴുകുക.

16. "മാഡം ഒന്നു ചോദിക്കട്ടെ.നിങ്ങൾ ഇന്ത്യക്കാർ അച്ഛനമ്മമാരെ ദൈവത്തെപോലെ വിചാരിക്കുന്നുവെന്നു കേട്ടിട്ടുണ്ട്. അതു ശരിയാണോ "- പൊരുൾ എന്ത് ?
- പാശ്ചാത്യർക്ക് ഭാരതീയസംസ്കാരത്തോടുള്ള മതിപ്പ്.

17. "കൊടുത്തതു മാത്രമേ നേടാനൊക്കൂ.അല്ലേ സുധീർ ? ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ".സൂചന എന്ത് ?
- അമ്മ കത്തെഴുതിയിട്ടും വരാത്തത് , മക്കളെ നോക്കാത്തത് ,അച്ഛനമ്മമാരെ ദൈവത്തെപ്പോലെ വിചാരിക്കാത്തത്.

18. "അങ്ങനെയല്ല മാഡം കാലത്തിനും ദേശത്തിനും അനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ്" - സുധീറിന്റെ വാക്കുകളുടെ പൊരുൾ എന്ത്?
- മിസ്റ്റർ തലത്ത് വിവാഹം കഴിച്ചതോടുകൂടിയാണ് താഴത്തു കുഞ്ഞിക്കുട്ടിയമ്മ മിസ്സിസ് തലത്ത് ആയി മാറുന്നത് .

19. "വേണ്ട സുധീർ , വേണ്ട ഞാനൊരാശ്രിതയാകാനുദ്ദേശിക്കുന്നില്ല" -വരികളിലെ മിസ്സിസ് തലത്തിന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ട സൂചന എഴുതുക ?
- ആരുടെ മുമ്പിലും തലകുനിക്കില്ല / തന്റേടം / ആത്മവിശ്വാസം

20. "മാഡം തലത്ത് മരിച്ചു പോയി മോനേ.ഡോക്ടർ തലത്തിനൊപ്പം അവരും പോയി".അടിവരയിട്ട ഭാഗം നൽകുന്ന അർത്ഥ സൂചനയെന്ത്?

- മിസ്റ്റർ തലത്തിന്റെ മരണത്തിനു ശേഷം മിസ്സിസ് തലത്തിന്റെ ജീവിതത്തിൽ ഉണ്ടായ പതനം / താഴ്ച /മാററം.

21."പക്ഷേ ഒന്ന് ഓർക്കണം നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോട് പറയൂ.കുട്ടികളെ ബോർഡിങ്ങുകളിൽ അയക്കരുതെന്ന്. അവർക്ക് ആയയെ വയ്ക്കരുത്. അമ്മതന്നെ വളർത്തണം. ശാസിക്കുകയും ലാളിക്കുകയും കുട്ടുകൂടുകയും വേണം"- മിസ്സിസ് തലത്തിന്റെ വാക്കിന്റെ പൊരുൾ കണ്ടെത്തുക ?

- മക്കളും കുടുംബവുമായി ബന്ധപ്പെട്ട നല്ല ഓർമകളാണ് വാർധക്യത്തിനു തുണയാകുന്നത്.

22. "എന്തൊരുയർച്ചയായിരുന്നു അത് !എന്തൊരഭിമാനമായിരുന്നു! അമ്മേ ! ഭവതി ഭാഗ്യവതിയാണ് "-വരികളോടു ചേർന്നു നിൽക്കുന്ന ഏറ്റവും യോജിച്ച പ്രതികരണമേത്?

- മാഡം തലത്ത്, 'അമ്മ' എന്ന സത്രീയുടെ വിശ്വരൂപം ദർശിച്ചത്. /മാഡം തലത്ത് മാതൃത്വത്തിന്റെ മഹത്വം തിരിച്ചറിഞ്ഞത്.

23. ചക്രവർത്തിനിയുടെ ജന്മമാണവർക്ക് .ആരുടെ മുന്നിലും തലകുനിക്കില്ല. അടിവരയിട്ട ഭാഗത്തിന് കഥാസന്ദർഭത്തിലുള്ള പ്രാധാന്യമെന്ത്?

- അഭിമാനിയും തന്റേടിയും പരിഷ്കാരിയുമായിരുന്ന മിസ്സിസ് തലത്ത്.

24. "നോക്കു നമുക്ക് അഞ്ചാമത് ഒരു കുട്ടി ഉണ്ടായിരിക്കുന്നു. ഒരു മകൻ.പക്ഷേ ഒരു വ്യത്യാസമുണ്ട്.ഇവൻ കുറച്ച് നാൾ നമ്മോട് കൂടെ താമസിക്കും." _ മിസ്സിസ് തലത്തിന്റെ ഇപ്രകാരമുള്ള ഒരു ഓർത്തെടുക്കലിന്റെ പൊരുൾ എന്ത്?

- മക്കളെ നോക്കാനോ സംരക്ഷിക്കാനോ കഴിയാത്തതിലെ കുറ്റബോധം.

25. മിസ്സിസ് തലത്ത് പൊട്ടിച്ചിതറികൊണ്ട് വീണ്ടും അയാളെ കെട്ടിപ്പിടിച്ചു. -അടിവരയിട്ട പദത്തിന് കഥാസന്ദർഭത്തിലെ അർത്ഥകല്പന എന്ത്?

- വികാരാവേശത്താൽ പൊട്ടിക്കരഞ്ഞു.

**Prepared by : Suresh Areekode, HST(Malayalam)**
**GHSS,Areekode,UGRAPURAM.Malappuram ph:9562521509.**
**Visit my youtube *mukulam malayalam for video lessons,PDF Notes and question answer discussions.***